# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-05-03-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്- പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകാനുള്ള പ്രോജക്ട് -അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം./788/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/03/2018

---

പരാമർശം:- 1. ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.01.2018-ലെ കത്ത്.

2. 05.03.2018-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.73-ാം നമ്പർ തീരുമാനം.

## ഉത്തരവ്

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിന് 12 ലക്ഷം രൂപ വകയിരുത്തിയ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിരുന്നു. അംഗീകാരം ലഭിച്ച പ്രോജക്ടിലെ നിരക്കായ 1 ലക്ഷം രൂപ എന്നത് ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപയായി ഭേദഗതി ചെയ്യാൻ അനുമതി ആവശ്യപ്പെട്ട് പരാമർശം(1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷ സമർപ്പിച്ചു..

2. 05.03.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനുള്ള ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിന്, ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ പ്രൊജക്ടിൽ പറഞ്ഞിരിക്കുന്ന നിരക്ക് പാലിക്കേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ എബ്രഹാം**

**അഡീഷണൽ സെക്രട്ടറി**

പ്രസിഡണ്ട്/സെക്രട്ടറി,ഇരിട്ടിബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed SHAJI T R
Date: 201 03 16:21:58
IST
Reason: Approved

സെക്ഷൻ ഓഫീസർ